(ഉദാ : കായ, പയർ, വെണ്ടക്ക, പാവയ്ക്ക, വഴുതനങ്ങ, പച്ചമുളക് , ചേന, മത്തൻ, കുമ്പളങ്ങ, കാരറ്റ്, കാബേജ്, ബീറ്റ്റൂട്ട് മുതലായവ)

(സി) ഈ പച്ചക്കറി ഉൽപ്പാദനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷകർക്ക് അധികവരുമാനം ഉണ്ടായിട്ടുണ്ടോ എന്ന് കണക്കാക്കിയിട്ടുണ്ടോ എങ്കിൽ എത്ര;

(ഡി) നല്ലയിനം ഗുണനിലവാരമുള്ള പച്ചക്കറി വിത്തുകൾ കർഷകർക്ക് നൽകുവാൻ ഉണ്ടാക്കിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 വർഷത്തിൽ 8.31 ലക്ഷം ടണ്ണും 1998-99 വർഷത്തിൽ 11.56 ലക്ഷം ടണ്ണും പച്ചക്കറി ഉൽപ്പാദിപ്പിച്ചു.

(ബി) വിലവിവരം താഴെ കൊടുക്കുന്നു.

	1995-96	1998-99
1. കായ	14.70	11.50
2. പയർ	16.00	13.10
3. വെണ്ട	8.60	7.20
4. പാവയ്ക്ക	16.80	11.00
5. വഴുതന	14.40	10.00
6. പച്ചമുളക്	17.35	14.45
7. മത്തൻ	5.80	4.80
8. കുമ്പളം	5.15	4.30
9. കാരറ്റ്	14.40	11.90
10. ക്യാബേജ്	9.60	8.00
11. ബീറ്റ്റൂട്ട്	7.00	5.85

(സി) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിപ്രകാരം 98-99 കാലഘട്ടത്തിൽ 300 കോടി രൂപയുടെ പച്ചക്കറി വിറ്റിട്ടുണ്ട്. ഉൽപ്പാദന ചെലവുമായി താരതമ്യം ചെയ്യുമ്പോൾ 275 കോടിയിലധികം രൂപ ലാഭമാണെന്ന് കണക്കാക്കുന്നു.

(ഡി) സമർത്ഥരായ പച്ചക്കറി കൃഷിക്കാരെ തെരഞ്ഞെടുത്ത് വിത്തുൽപ്പാദകരായി രജിസ്റ്റർ ചെയ്യിച്ച് ഗുണനിലവാരമുള്ള പച്ചക്കറി വിത്ത് ഉൽപ്പാദിപ്പിക്കുന്നു.

99 (391) പച്ചക്കറി സ്റ്റാളുകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടി കോർപ്പറേഷൻ വക പച്ചക്കറി സ്റ്റാളുകൾ ഇപ്പോൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ മറ്റു പ്രദേശങ്ങളിലേക്ക് പച്ചക്കറി സ്റ്റാളുകൾ നടത്താൻ താല്പര്യമുള്ളവരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടികളാണ് കോർപ്പറേഷൻ കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി) ലഭിച്ചുവരുന്നു.

(സി) പച്ചക്കറി സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ടവരെ തെരഞ്ഞെടുത്തുവരുന്നു.

100 (392) ഹോർട്ടികൾച്ചറൽ കോർപ്പറേഷൻ വിൽപ്പന കേന്ദ്രം

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഹോർട്ടികൾച്ചറൽ കോർപ്പറേഷന്റെ വിൽപ്പനകേന്ദ്രം തുടങ്ങാൻ ഉദ്ദേശിച്ചിരുന്നുവോ;

(ബി) എങ്കിൽ ഈ സ്റ്റാൾ പ്രവർത്തനം തുടങ്ങിയോ;

(സി) എവിടെയാണ് പ്രവർത്തനം തുടങ്ങിയത്;

(ഡി) ഇല്ലെങ്കിൽ മഞ്ചേരിയിൽ വിൽപ്പനകേന്ദ്രം എന്ന് തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉദ്ദേശിച്ചിട്ടുണ്ട്.

(ബി)&(സി) അടുത്തു തന്നെ സ്റ്റാൾ പ്രവർത്തനം തുടങ്ങുന്നതാണ്.

(ഡി) സ്ക്രീനിംഗ് കമ്മിറ്റിക്കുവെച്ച് മഞ്ചേരിയിൽ തുടങ്ങുവാൻ പോകുന്ന വില്പന കേന്ദ്രത്തിന്റെ ലൈസൻസിയെ തിരഞ്ഞെടുത്തിട്ടുണ്ട്. വില്പന കേന്ദ്രത്തിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

101 (393) ജനകീയാസൂത്രണ സമിതികൾ നടീൽ വസ്തുക്കൾ വാങ്ങുന്ന രീതി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ സമിതികൾ നടീൽ വസ്തുക്കൾ വാങ്ങുമ്പോൾ ഗവൺമെന്റു സ്ഥാപനങ്ങളിൽ ലഭ്യമാകുന്നവ സ്വകാര്യസ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഇപ്രകാരം വാങ്ങിയിട്ടുണ്ട് ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് റൂൾ പാലിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly